തൃക്കരിപ്പൂർ മണ്ഡലംവഴി പയ്യന്നൂർ, കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും അനുവദിച്ചിട്ടുള്ള റൂട്ടുകൾ

173 (623) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃക്കരിപ്പൂർ മണ്ഡലംവഴി പയ്യന്നൂർ, കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും എത്ര പുതിയ കെ.എസ്.ആർ.ടി.സി. റൂട്ടുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കാസർഗോഡ് യൂണിറ്റിൽനിന്നും 21 മണിക്ക് പുറപ്പെടുന്ന കോഴിക്കോട് എയർപോർട്ട് സർവ്വീസും, 17.50-ന് പുറപ്പെടുന്ന കോട്ടയം സൂപ്പർ എക്സ്പ്രസ്സും 5.30-ന് പുറപ്പെടുന്ന കണ്ണൂർ ഠൗൺ ടു ഠൗൺ സർവ്വീസും തൃക്കരിപ്പൂർ മണ്ഡലംവഴിയാണ് കടന്നുപോകുന്നത്.

പയ്യന്നൂർ യൂണിറ്റിൽ 2006-നുശേഷം തുടങ്ങിയ 16 പുതിയ സർവ്വീസുകൾ തൃക്കരിപ്പൂർ മണ്ഡലംവഴിയാണ് സർവ്വീസ് നടത്തുന്നത്.

കൊയിലാണ്ടിയിൽനിന്നും പെരിന്തൽമണ്ണയിലേക്ക് ചെയിൻ സർവ്വീസ് നടത്താനുള്ള തീരുമാനം

174 (624) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടിയിൽനിന്നും പെരിന്തൽമണ്ണയിലേക്ക് എൻ.എച്ച് 212 വഴിയും എസ്.എച്ച് 38 വഴിയും ചെയിൻസർവ്വീസ് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് തീരുമാനമുണ്ടായത് ;

(സി) സർവ്വീസ് തുടങ്ങാൻ താമസം നേരിടുന്നത് എന്തുകൊണ്ടാണ് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 24-2-2009-ൽ.

(സി) താമരശ്ശേരിയിൽനിന്നും പെരിന്തൽമണ്ണയിൽനിന്നും അഞ്ച് വീതം ചെയിൻ സർവ്വീസുകളായി ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ 10 ബസ്സും അതിലേക്ക് ആവശ്യമായ ജീവനക്കാരെയും ഒരുമിച്ച് ലഭ്യമാകാതെ വന്നതിനാലാണ് സർവ്വീസ് ഇതുവരെയും തുടങ്ങാൻ കഴിയാതിരിക്കുന്നത്. 10 സർവ്വീസും ഒരുമിച്ച് തുടങ്ങിയാൽമാത്രമേ കെ.എസ്.ആർ.ടി.സി.-ക്ക് ആയത് ലാഭകരമായി നടത്തുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly